**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3327** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളിന്റെ നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ ഗവൺമെന്റ് വി. വി. എൽ. പി. എസ്., ചെങ്കിക്കുന്ന്, കിളിമാനൂർ എന്ന സ്കൂളിന്റെ സ്ഥലവും കെട്ടിടവും നിർദ്ദിഷ്ട വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിനായി മാർക്ക് ചെയ്ത വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (എ) | ഈ വിഷയം സംബന്ധിച്ച് കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് സ്കൂളിന് വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ (സ്കൂളിന്റെ കൈവശമുള്ള ഭൂമി, സ്കൂൾ ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ സ്കെച്ച്, സമീപത്തായി സർക്കാർ ഭൂമി ലഭ്യമാണോ എന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം, സ്വകാര്യ വസ്തുവാണ് വാങ്ങുന്നതെങ്കിൽ ആയതിന്റെ പ്രമാണം ഉൾപ്പെടെയുള്ള രേഖകൾ) തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ